# പ്രധാനമന്ത്രി ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായി സംസാരിച്ചു

മാർച്ച് 12, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി ശ്രീ. ഋഷി സുനക്കുമായി ടെലിഫോണിൽ സംസാരിച്ചു.

സമഗ്രമായ തന്ത്രപ്രധാന ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് തുടരാനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ച് വ്യക്തമാക്കി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, നവീന സാങ്കേതികവിദ്യകൾ എന്നിവയും മറ്റും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ റോഡ്മാപ്പ് 2030-ന് കീഴിൽ കൈവരിച്ച പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി.

ഇരു രാജ്യങ്ങൾക്കും ഗുണകരമായ സ്വതന്ത്ര വ്യാപാര കരാറിന്റെ നേരത്തെയുള്ള നടപ്പാക്കാലിനുള്ള ശ്രമങ്ങളുടെ പുരോഗതി നേതാക്കൾ വിലയിരുത്തി.

ഇരു വിഭാഗത്തിനും താൽപ്പര്യമുള്ള പ്രാദേശിക, ആഗോള സംഭവവികാസങ്ങൾ സംബന്ധിച്ച് ഇരു നേതാക്കളും കാഴ്ചപ്പാടുകൾ പങ്കുവച്ചു.

പരസ്പര സംഭാഷണം തുടരാൻ സമ്മതിച്ച നേതാക്കൾ വരാനിരിക്കുന്ന ഹോളി ആഘോഷത്തിന് ആശംസകൾ കൈമാറി.

**ന്യൂഡൽഹി**
**മാർച്ച് 12, 2024**